**കേരള വനം വകുപ്പ്**
**മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ**

എം.4-8022/2024 തീയതി: 05.12.2024

# ലേല പരസ്യം

മൂന്നാർ ഡിവിഷനിൽപ്പെട്ട നേര്യമംഗലം, അടിമാലി, മൂന്നാർ, ദേവികുളം എന്നീ റെയിഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ വനനിയമ കേസുകളിലെ തൊണ്ടിത്തടികൾ, കഴകൾ, വിറക് ഇരുപ്പടികൾ, അപകടഭീഷണി മൂലം മുറിച്ചിട്ട തടികൾ, വാഹനങ്ങളുടെ സ്പെയർ പാർട്ട്സുകൾ, ഇലക്ട്രിക് ഐറ്റംസ്, മെറ്റൽ സ്ക്രാപ്പുകൾ, ടയർ മുതലായവ താഴെ പട്ടിക-1-ൽ അതാതു റെയിഞ്ചിന് നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 11 മണിക്ക് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ലേലദിവസം പൊതു അവധി ദിവസമായി വന്നാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും, സ്ഥലത്തും വച്ച് നടത്തുന്നതായിരിക്കും. നിശ്ചിത ലേല തീയതിക്ക് മുമ്പ്തന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേലവസ്തുക്കളുടെ ഇനം, അളവ് മുതലായവ ലോട്ട് തിരിച്ചുള്ള തൊണ്ടി വസ്തുക്കൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഇത് സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി തേക്ക്, ഈട്ടി എന്നിവയ്ക്ക് 20,000/- രൂപയും, മറ്റ് തടികൾക്ക് 10,000/- രൂപയും, വനവിഭവങ്ങൾക്ക്/മറ്റുളളവയ്ക്ക് 2,000/- രൂപയും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ലേലം വിളി കേൾക്കുന്നയാൾ ലേലം കഴിഞ്ഞാലുടനെ തന്നെ ലേലത്തുകയുടെ 35 % തുക നിരതദ്രവ്യം ഉൾപ്പെടെ അടയ്ക്കേണ്ടതുമാണ്. ലേലത്തുക 20,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ മൊത്തം ലേലത്തുകയും, ലേലതുക 20,000/- -ൽ കവിയുകയാണെങ്കിൽ മൊത്തം ലേലത്തുകയുടെ 35 % വിലയും, കുറഞ്ഞത് 20,000/- രൂപയും കൂടിയത് 1,00,000/- രൂപയും എന്ന കണക്കിൽ ലേലം കഴിയുന്ന ഉടനെ അടയ്ക്കേണ്ടതാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യപ്പെടുന്ന തൊണ്ടിയുടെ മൊത്തം വിലയും ലേലദിവസം തന്നെ ഒടുക്കേണ്ടതാണ്.

ലേലത്തിൽ പിടിച്ചെടുത്ത വകകൾ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം ബാക്കി വിലയും നിലവിലുള്ള വിൽപ്പന നികുതിയും വനവികസന നികുതി എന്നിവയും മൊത്തം സംഖ്യയ്ക്ക് 1988-ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായ നികുതി മുതലായവ അടച്ച് ലേല സ്ഥലത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പിടിച്ചിട്ടുള്ള സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ലേലം സ്ഥിരപ്പെടുത്തിയതായി അറിയിക്കുന്ന തീയതി മുതൽ 60 ദിവസത്തിനകമുള്ള അവധികൂടി തറവാടക ഈടാക്കിക്കൊണ്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ആ വക സാധനങ്ങൾ മറ്റൊരു അറിയിപ്പ് കൂടാതെ തന്നെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും അവയിൽ ലേലക്കാരന് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തുകയുടെ ബാക്കി സംഖ്യ 30 ദിവസത്തിനകം അടയ്ക്കാതിരുന്നാൽ ന്യായമായ കാരണങ്ങളാൽ 30 ദിവസം കൂടി 18 % പലിശയോടും നിയമപ്രകാരമുള്ള തറവാടകയോട്കൂടി അടയ്ക്കുവാൻ അനുവാദം നൽകുന്നതാണ്. അതിന് ശേഷം യാതൊരു കാരണവശാലും ബാക്കി സംഖ്യ അടയ്ക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊടുക്കുന്നതല്ല. ലേലത്തുക ഈ കാലാവധിക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം ചെയ്ത സാധനങ്ങൾ അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. അപ്രകാരം ലേലം ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ കുടിശ്ശിക വസൂൽ ചെയ്യുന്ന നിയമങ്ങൾ അനുസരിച്ച് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭകരമായിരുന്നാൽ മുൻ ലേലക്കാരന് മേൽപ്പടി ലേലത്തിൽ യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) **02.12.2009**-ലെ പ്രൊ.**56835/2009** നമ്പർ പ്രകാരം **22.12.2009**-ലെ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതുലേല നിബന്ധനകൾക്കും അവയ്ക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടിച്ചേർക്കലുകൾക്കും മാറ്റങ്ങൾക്കും തൊണ്ടി ലേല വ്യവസ്ഥകൾക്കും വിധേയമായിട്ടായിരിക്കും ടി ലേലം.

ലേലത്തിൽ ഉൾപ്പെടുന്ന തടികൾ, ഉരുപ്പടികൾ ഇവയുടെ അളവും തരവും ഗുണവും ലേലക്കാരൻ ലേലത്തീയതിക്ക് മുമ്പുതന്നെ ബോദ്ധ്യപ്പെട്ടുകൊള്ളണം. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് റെയ്ഞ്ചാഫീസുകളിൽ നേരിട്ട് അന്വേഷിച്ച് അറിയാവുന്നതാണ്.

**പട്ടിക - I**

**ലേലത്തീയതി - 2025**

| റെയിഞ്ച് | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| നേര്യമംഗലം | 7 | 5 | 5 | 3 | 7 | 4 | 3 | 6 | 10 | 8 | 5 | 3 |
| അടിമാലി | 15 | 12 | 12 | 9 | 14 | 11 | 10 | 13 | 17 | 15 | 12 | 10 |
| മൂന്നാർ | 22 | 18 | 19 | 23 | 21 | 18 | 17 | 23 | 23 | 22 | 19 | 17 |
| ദേവികുളം | 28 | 21 | 26 | 29 | 28 | 25 | 29 | 26 | 26 | 29 | 26 | 30 |

**ഫോൺ നമ്പരുകൾ**

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, നേര്യമംഗലം - 0485 2554482, 8547601424.
റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, അടിമാലി - 04864 223642, 8547601381.
റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, മൂന്നാർ - 04865 233323, 8547601368.
റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, ദേവികുളം - 04865 264377, 8547601337.

രമേഷ് ബിഷ്ണോയ്, ഐ.എഫ്.എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മൂന്നാർ ഡിവിഷൻ, ദേവികുളം
(കേരള ഗവർണ്ണർക്ക് വേണ്ടി)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
മൂന്നാർ, ദേവികുളം.